

ഇ _മാഗസിൻ

2019-20

# വിസ്മയം @ വിരൽത്തുമ്പിൽ

# എൻ എസ് വി
# വി എച്ച് എസ് എസ്
## വാളക്കോട് ,പുനലൂർ





# വിസ്മയം
# @
# വിരൽത്തുമ്പിൽ

# ലിറ്റിൽ കൈറ്റ്സ്

**(LK/2019/40020)**



# വിസ്മയം
# @
# വിരൽത്തുമ്പിൽ



**എൻ എസ് വി വി എച്ച് എസ് എസ്**

# മാർഗ്ഗദീപങ്ങൾ



കെ.മാധവൻ

(സ്ഥാപക മാനേജർ)



എം എസ് ധരൻ

മാനേജർ

(1964-1993)



കെ രാഘവൻ

ഹെഡ്മാസ്റ്റർ,മാനേജർ

(1993-2000)

# ബാഷ്പാഞ്ജലി



കെ.കൃഷ്ണകുമാർ

(1992-2019)

(അധ്യാപകൻ)

# സന്ദേശം



നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'വിസ്മയം@വിരൽത്തുമ്പിൽ ' എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു.കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്ന ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു .

കെ.സുകുമാരൻ

മാനേജർ

# സന്ദേശം



**ലോകത്തു മാറ്റമില്ലാത്തതായി ഒന്നു മാത്രമേയുള്ളൂ.അത് 'മാറ്റം' തന്നെയാണ് .മനുഷ്യ ജീവിതത്തിനു കാതലായ മാറ്റങ്ങൾ സംഭവിക്കാൻ,മുൻപ് നൂറ്റാണ്ടുകളും പിന്നീട് പതിറ്റാണ്ടുകളും വേണ്ടിവന്നിരുന്നു. എന്നാൽ ഇന്നത് വർഷങ്ങളിലേക്കും മാസങ്ങളിലേക്കും ചുരുങ്ങി.ഓരോ ദിവസവും വിപ്ലവകരമായ നൂതനമായ എത്രയെത്ര മാറ്റങ്ങളാണ് നമുക്ക് ചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്നത്.അസാധ്യമെന്നു തോന്നിയിരുന്ന കാര്യങ്ങൾ അനായാസം സാധ്യമാകുന്നത് ഇന്ന് സർവ്വവ്യാപിയായ വിവരസാങ്കേതിക വിദ്യ കൊണ്ടാണ് ."നാടോടുമ്പോൾ നടുവേ ഓടണം"എന്ന് പഴമക്കാർ പറയാറുണ്ട്.**

**വിവരസാങ്കേതിക വിദ്യ പഠിക്കുന്നതിനും അതിൽ മികവ് നേടുന്നതിനും നാം ഒട്ടും ഉപേക്ഷ വിചാരിച്ചുകൂടാ.സാക്ഷരത എന്നത് വിവരസാങ്കേതിക സാക്ഷരതയിലേക്കു മാറിയ കാലമാണിന്ന്.അതുകൊണ്ടുതന്നെ മേഖലയ്ക്കു ഊന്നൽ നൽകി സർക്കാർ ആവിഷ്കരിച്ച ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്കൂളിൽ ആരംഭിച്ച ഈ ഡിജിറ്റൽ മാഗസിൻ ഏറെ അഭിനന്ദനീയമായ ഒരു കാൽവെയ്പാണ് .ഈ പദ്ധതി നാം**

**വളരെയേറെ പ്രാധാന്യത്തോടെ ഉൾക്കൊള്ളണം.വിവരസാങ്കേതിക വിദ്യ ലോകത്തിന്റെ ചാലക ശക്തിയാണ് .അതിന്റെ സാദ്ധ്യതകൾ അനന്തവും മുന്നോട്ടുള്ള ഏതു കാൽവയ്പ്പിനും അത് അത്യന്താപേക്ഷിതമാണ് .ഇനിയും ഇത്തരം നൂതനമായ പ്രവർത്തനങ്ങൾ ഉണ്ടാകട്ടെ .നമ്മുടെ കുട്ടികൾ പഠനത്തോടൊപ്പം നൈപുണ്യവും ആർജിക്കട്ടെ .ഇതിന്റെ അരങ്ങിലും അണിയറയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രിയ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എന്റെ ഭാവുകങ്ങൾ .**

**സ്നേഹപൂർവം**
**കെ മുരളീധരൻ**
**(മുഖ്യ രക്ഷാധികാരി)**

# സന്ദേശം

പ്ലാറ്റിനം ജൂബിലി നിറവിൽ നിൽക്കുന്ന നമ്മുടെ വിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന ഇ _മാഗസിൻ

വിജയങ്ങളുടേതാകട്ടെ.....!

വിജ്ഞാനത്തിന്റേതാകട്ടെ.....!

നവീന ആശയങ്ങളുടേതാകട്ടെ....!

അവസരങ്ങളുടേതാകട്ടെ.....!

അവിസ്മരണീയം ആകട്ടെ.....!

നമ്മുടെ കലാലയത്തിന്റെ മുന്നേറ്റത്തിൻ നാഴികകല്ലാകട്ടെ....!

ഹൃദയം നിറഞ്ഞ ആശംസകൾ!!!

സ്നേഹപൂർവ്വം

എ ആർ പ്രേംരാജ്

(പ്രിൻസിപ്പാൾ)



# സന്ദേശം

എൻ എസ് വി യുടെ
ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.സർഗ്ഗാത്മകതയും സാങ്കേതികത്വവും സമന്വയിക്കുന്ന ഈ പ്രയത്നത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. കുരുന്നുകളുടെ സർഗവാസനകൾ വാനോളം ഉയരട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

റാണി എസ് രാഘവൻ (ഹെഡ്മിസ്ട്രസ് )



# സമർപ്പണം



**ദുരിതങ്ങൾക്കൊപ്പം മഹത്തായ പാഠങ്ങൾ നൽകി കടന്നുപോയ പ്രളയത്തിൽ സർവ്വവും നഷ്ടപ്പെട്ട് പകച്ചുനിന്ന കേരള ജനതയ്ക്ക് മാനവികതയുടെ ഒരായിരം പൂച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ട്.....**

# എഡിറ്റോറിയൽ ബോർഡ്



മുഹമ്മദ് അൽത്താഫ് .എച്ച്

ലിജോ ജോയ്

ശ്രീക്കുട്ടൻ.പി.എസ്

അഖിൽ രാജ്

അർച്ചന.എസ്

അഭയ്.ആർ.എസ്

ഹേമന്ദ്.എസ്

നിധി.ബി.എം

ഷിജിന മോൾ

നസ്രിയ ഉവൈസ്

സൂരജ് സുരേഷ് കുമാർ

# താളുകളിലൂടെ

1.എന്റെ വിദ്യാലയം.................................17,18
2.ഗാന്ധിജി.................................................19
3 ചോദ്യോത്തര പരമ്പര....................................20
4.ഇനിയുമെത്രദൂരം........................................21
5.ആവർത്തന പട്ടിക.........................................22
6.അമ്മ........................................................23
7.പാതയിൽ വഴികാട്ടി.......................................24
8.എല്ലാം നശിപ്പിക്കുന്ന ലഹരി.........................25,26
9.ബാല്യം......................................................27
10.കടംകഥകൾ...............................................28
11.മഴവില്ല്...................................................29
12.മഴ..........................................................30
13.മിന്നിമാനും ശലഭവും..............................31,32
14.പഴഞ്ചൊല്ലുകൾ..........................................33
15.മഹത് വചനങ്ങൾ..................................34,35
16.അപരനാമങ്ങൾ...........................................36
17.എന്റെ അമ്മയും അച്ഛനും............................. 37
18.മിഴിനീർപൂക്കൾ................................... 38,39
19.സഹപാഠി...................................................40
20.രസികൻ.....................................................41

# ആമുഖം

ഭൂതകാലത്തിന്റെ പൊൻപ്രഭയോടും വർത്തമാനകാലത്തിന്റെ വജ്രശോഭയോടും കൂടി പത്തനാപുരം താലൂക്കിന്റെ കീഴിൽ മലയോരപ്രദേശമായ പുനലൂർ നിന്നും **2** കിലോ മീറ്റർ കിഴക്കു മാറി സ്ഥിതി ചെയ്യുന്നതും **2020-21** വർഷം പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്നതുമായ സരസ്വതീക്ഷേത്രമാണ് എൻ എസ് വി വി എച്ച് എസ് എസ് .സ്വാതന്ത്ര്യലബ്ധിക്കു മുൻപു തന്നെ അക്ഷരജ്യോതിയുടെ മഹത്വം തിരിച്ചറിഞ്ഞ് സാധാരണക്കാരുടെ മക്കളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനായി ഐക്കരക്കോണം മാധവമന്ദിരത്തിൽ ശ്രീ.മാധവൻ അവർകൾ അന്നത്തെ പേപ്പർമിൽ മനേജരായിരുന്ന നരസിംഹഅയ്യരുടെ സഹായത്തോടുകൂടി സർക്കാരിൽ നിന്നും അനുമതി വാങ്ങി വാളക്കോട് സ്ഥാപിച്ച സ്കൂളിന് നരസിംഹവിലാസം എന്ന പേര്

നൽകി .പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ ശോഭിക്കുന്ന ഇന്നത്തെ സ്കൂളിന്റെ മുഖ്യ രക്ഷാധികാരി വ്യവസായ പ്രമുഖനും എസ് എഫ് സി ഗ്രൂപ്പിന്റെ ചെയർമാനും മുരളിയാ ഗ്രൂപ്പിന്റെ ഉടമയും പ്രവാസി മലയാളിയുമായ ഏത്രൂർ രേവതിയിൽ ശ്രീ കെ മുരളീധരൻ അവർകളാണ്.സ്കൂളിന്റെ മാനേജർ ഐക്കരക്കോണത്ത് അജിത് ഭവനിൽ ശ്രീ കെ. സുകുമാരൻ സാറാണ്.സമൂഹത്തിന്റെ വിവിധ തലങ്ങളിലായി പ്രശോഭിക്കുന്ന അനേകർക്ക് വിദ്യാവെളിച്ചത്തിന്റെ പാത കാട്ടിക്കൊടുത്ത ഈ സ്കൂൾ ഇന്നും മാതൃകാപരമായ വിദ്യാഭ്യാസത്തിലൂടെ അനുസ്യൂതം മുന്നേറുകയാണ് .കലാ സാംസ്കാരിക രംഗത്തും മികവ് പുലർത്തുന്ന ഈ സ്കൂൾ കഴിഞ്ഞ കുറെ വർഷങ്ങളായി വിജയശതമാനത്തിലും ഉയർന്ന മാർക്കു നേടുന്നതിലും ഒന്നാമതായി നില കൊള്ളുന്നു.

# ഉദ്ഘാടനം



**എൻ എസ് വി യുടെ ഒരു വർഷം നീളുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും പുതിയ കെട്ടിട സമുച്ചയത്തിന്റെ സമർപ്പണവും മന്ത്രി സി .രവീന്ദ്രനാഥ് നിർവഹിച്ചപ്പോൾ .......**

**ബഹുമാനപ്പെട്ട മന്ത്രിയുടെ വാക്കുകളിലൂടെ .....**

**കേരളത്തിലെ എല്ലാ സ്കൂളുകളിലും ഫെബ്രുവരി അവസാനത്തോടെ ഒന്ന് മുതൽ പന്ത്രണ്ടു വരെയുള്ള എല്ലാ ക്ലാസ്സുകളും സർക്കാർ തന്നെ ഹൈടെക് സ്കൂളുകളാക്കി മാറ്റും.കേരളം ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ ഡിജിറ്റൽ സംസ്ഥാനമായി മാറും.**

# പ്ലാറ്റിനം ജൂബിലി മന്ദിരം



N.S.V.V.H.S.S
Valacode, Punalur


# എന്റെ വിദ്യാലയം




കൊല്ലം ജില്ലയിലെ പുനലൂർ പട്ടണത്തിലെ വാളക്കോട് എന്ന കൊച്ചു പ്രദേശത്താണ് എന്റെ വിദ്യാലയമായ എൻ എസ് വി സ്ഥിതിചെയ്യുന്നത്. എൻഎച്ച്**744** ആയ കൊല്ലം തിരുമംഗലം ദേശീയപാതയ്ക്ക് അടുത്തായി വിദ്യാലയം സ്ഥിതി ചെയ്യുന്നു.കൊല്ലം ചെന്നൈ ബ്രോഡ്ഗേജ് റെയിൽപാതയും ഇതിന്റെ സമീപത്തു കൂടി കടന്നു പോകുന്നു.**1946** ൽ മാധവ വിലാസം സംസ്കൃത സ്കൂളായി പ്രഥമം ,ദ്വിതീയം എന്നീ രണ്ട് ക്ലാസ്സുകളിലായാണ് എന്റെ സ്കൂൾ ആരംഭിച്ചത് .ഇന്ന് ഞങ്ങളുടെ വിദ്യാലയത്തിൽ ജെ ആർ സി ,ബാൻഡ് ,സ്കൗട്ട് ആൻഡ് ഗൈഡ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയവ വിദ്യാർഥികളുടെ ഉന്നമനത്തിനായി ഇവിടെ പ്രവർത്തിച്ചു വരുന്നു.വിദ്യാർത്ഥി കേന്ദ്രീകൃതമായ പഠനവും അധ്യാപകരുടെ സംയോജിതമായ ഇടപെടലുകളും പഠനത്തെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നു.ഐസിടി സാധ്യതയോടെയുള്ള പഠനം കുട്ടികളിലെ പഠന വിരസതയെ ഒഴിവാക്കുന്നു.ഉചിത

സമയങ്ങളിലുള്ള പിടിഎ ,വിദ്യാർത്ഥികളുടെ നിലവാരം രക്ഷകർത്താക്കളിൽ എത്തിക്കാൻ സഹായിക്കുന്നു. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും എസ്എംഎസ് വഴി അറിയിക്കുന്നു.ഉപജില്ലാ ശാസ്ത്രമേളയിൽ എച്ച്എസ്, യുപി വിഭാഗത്തിൽ ഒന്നാം സ്ഥാനവും ഹയർസെക്കൻഡറി വിഭാഗത്തിൽ രണ്ടാം സ്ഥാനവും ലഭിച്ചു.ഉപജില്ലാ ഐ ടി മേളയിൽ എച്ച് എസ് വിഭാഗത്തിൽ എന്റെ വിദ്യാലയത്തിന് ഒന്നാം സ്ഥാനം ലഭിച്ചു.ഉപജില്ലാ കലോത്സവത്തിൽ മൂന്നാം സ്ഥാനവും ഉണ്ട്.അധ്യാപകരുടെ ഒത്തൊരുമയാണ് ഈ വിദ്യാലയത്തെ എപ്പോഴും മികച്ചതാക്കി മാറ്റുന്നത്.

നസ്രിൻ
**8 B**




**അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോക ശ്രദ്ധ പിടിച്ചു പറ്റിയ ബാപ്പുവിന്റെ ജ്വലിക്കുന്ന സ്മരണയിൽ .....**

**മഹാഭാരതം വനപർവ്വത്തിൽ ചിന്തോദ്ധീപകമായ**

**ഒരു ചോദ്യോത്തര പാരമ്പരയുണ്ട്**

**പാണ്ഡവരുടെ വനവാസകാലം...**

**യുധിഷ്ഠരനോട് യക്ഷൻ ചോദിക്കുന്നത്.**

സൂര്യൻ ഏതിൽ ഊന്നി നിൽക്കുന്നു?----------------------സത്യത്തിൽ

ഭൂമിയേക്കാൾ ഗുരുത്വമുള്ളത്?--------------------------------------അമ്മ

ആകാശത്തേക്കാൾ ഉയർന്നത്?---------------------------------അച്ഛൻ

കാറ്റിനേക്കാൾ വേഗം കൂടിയത്?---------------------------------മനസ്സ്

പുല്ലിനേക്കാൾഏറെയുള്ളത്?----------------------------------ചിന്തകൾ

ഹൃദയമില്ലാത്തത് ?-------------------------------------------------കല്ല്

ശ്രേഷ്ഠമായ സ്വത്ത് ?---------------------------------------------അറിവ്

മരണമടുത്തയാളുടെ മിത്രം?----------------------------------------ദാനം

ഏറ്റവും വലിയ ലാഭം ?--------------------------------------ആരോഗ്യം

ഏറ്റവും വലിയ സുഖം?-----------------------------------------സ്ന്ദുഷ്ട്ടി

പരമമായ ധർമ്മം?------------------------------ഉപദ്രവിക്കാതിരിക്കൽ

എന്തിനെ ഉപേക്ഷിച്ചാൽ സുഖം കൈവരും?----------അതിമോഹത്തെ

എന്തിനെ ഉപേക്ഷിച്ചാൽ അന്യർ ഇടപെടും?------------അഹങ്കാരത്തെ

അജ്ഞതയെന്നാൽ ?--------------------------കടമകൾ അറിയാത്തത്

ലോകത്തെ മൂടിയിരിക്കുന്നത് ?-----------------------------അജ്ഞാനം

നിധി ബി എം

9 B

# ഇനിയുമെത്ര ദൂരം




കാലങ്ങൾക്കപ്പുറം കാതോർത്തിടുന്ന
ഞാൻ എന്നമ്മയുടെ
നഷ്ടസ്വപ്നങ്ങളുടെ
കണക്കെടുപ്പിതോ
രാത്രിയാമങ്ങളിൽ
അടക്കാനാവാത്ത
ആരും കാണാത്ത
വിതുമ്പലുകൾ
നഷ്ടസ്വപനങ്ങളേ തോഴിയായി നീ
ഒടുവിലെല്ലാം നനഞ്ഞ
പുഞ്ചിരിയിലൊതുക്കി


ഒരു ചെറുപുഞ്ചിരിതൻ പിറകേ
നല്ലൊരു നാളേക്ക് കണ്ണുംനട്ട്
എന്നമ്മയിരിപ്പൂ....
ഈ വഴികളിൽ ഇനിയുമെത്ര ദൂരം....


വേദ വിനോദ്
**8B**

# അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം

# 2019




**ലോകത്തെ ഏറ്റവും പ്രശസ്തമായ പട്ടിക.....118 മൂലകങ്ങളുടെ പട്ടിക...ആധുനിക രസതന്ത്രത്തിന്റെ മൂലക്കല്ലായി മാറിയ ഈ പട്ടിക കണ്ടെത്തിയിട്ട് 150 വർഷം തികയുന്നു.ആഘോഷിക്കാം ..ആഹ്ലാദിക്കാം ..**



# അമ്മ

അഖിലാണ്ഡസാഗര സ്നേഹമാണമ്മ

സ്നേഹം തുളുമ്പുന്ന വാക്കാണമ്മ,

പിച്ച വെപ്പിച്ച കരങ്ങളാണമ്മ

പാറിപ്പറക്കുന്ന പക്ഷിയാണമ്മ

ദുഃഖങ്ങളും സന്തോഷങ്ങളും പങ്കിടുമമ്മ

ഉണ്ണിതൻ കവചമാണമ്മ ,

ഇത്തിരിക്കുഞ്ഞിനെ വാരിയെടുത്തിട്ടു

ഉമ്മ തരാറുള്ളൊരമ്മ,

നമുക്ക് സ്വന്തമായമ്മ....

ശില്പ .എസ്

**6 B**

# പാതയിൽ വഴികാട്ടി



മിന്നും മിന്നും മിന്നാമിന്നി
ഇത്ര വേഗത്തിലെങ്ങോട്ട് ?
മിന്നി മിന്നി ഞാൻ വെളിച്ചം പകരും
കൂട്ടുകാർക്ക് പാതകാട്ടി,
ഇരുളിൻ കോട്ട തകർത്തിട്ടു
സ്നേഹത്തിൻ വഴികാട്ടും ഞാൻ
എന്നുമവരോടൊപ്പം.

സ്റ്റെന്ന മത്തായി
8 B

# എല്ലാം നശിപ്പിക്കുന്ന ലഹരി



shutterstock.com • 348983048

മനുഷ്യരുടെ ശരീരത്തെയും മനസ്സിനെയും ആരോഗ്യത്തെയും ഒരുപോലെ തകർക്കുന്ന വിഷ വസ്തുക്കളാണ് മദ്യം,പുകയില, മയക്കമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കൾ. ഇന്ന് വ്യാപകമാകുന്ന റോഡപകടങ്ങളുടെയും അക്രമങ്ങളുടെയും പിന്നിൽ ഈ ലഹരി വസ്തുക്കളുടെ നിശബ്ദസാന്നിധ്യമുണ്ട്. ഒരിക്കൽ ഉപയോഗിച്ചു തുടങ്ങിയാൽ ഇവയിൽ നിന്നും മോചനം നേടുന്നത് എളുപ്പമല്ല.അതുകൊണ്ട് നമ്മുടെ ആരോഗ്യത്തെയും കുടുംബത്തിന്റെ സ്വസ്ഥതയെയും സമൂഹത്തിന്റെ സുരക്ഷിതത്വത്തെയും ഗുരുതരമായി ബാധിക്കുന്ന ഈ ദുശ്ശീലങ്ങളിൽ നിന്ന് കുട്ടികൾ വഴിമാറി നടക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.സിഗരറ്റിന്റെയും ബീഡിയുടെയും പാൻമസാലയുടെയും  രൂപത്തിൽ അവതരിക്കുന്ന പുകയില മനുഷ്യന്റെ ആരോഗ്യത്തെ കാർന്നു തിന്നുന്ന ഭീകരനാണ്.സിഗരറ്റ് പുകയിൽ

മാത്രം നാന്നൂറോളം വിഷവസ്തുക്കൾ ആണ് അടങ്ങിയിരിക്കുന്നത്.ക്യാൻസറാണ് പുകയില മൂലം ഉണ്ടാകുന്ന ഏറ്റവും വലിയ ആരോഗ്യ പ്രശ്നം. ശ്വാസകോശം, വായ, നാക്ക്, അന്നനാളം, വൃക്കകൾ, പാൻക്രിയാസ് തുടങ്ങിയ പല ശരീരഭാഗങ്ങളെയും പുകവലിമൂലമുള്ള അർബുദം ബാധിച്ചേക്കാം.ഒരാൾ ഊതി വിട്ടുന്ന പുക ശ്വസിക്കുന്ന മറ്റുള്ളവർക്കും ക്യാൻസർ അടക്കമുള്ള മാരകരോഗങ്ങൾ ഉണ്ടാകാം.

നമ്മുടെ ശക്തിയേയും , ബുദ്ധിയെയും, ജീവിതത്തെയും ഒരുപോലെ നശിപ്പിക്കുന്ന മദ്യവും മയക്കമരുന്നും മറ്റ് ലഹരിവസ്തുക്കളും ഉപയോഗിക്കില്ലെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. സ്കൂളിലോ പരിസരത്തോ ആരെങ്കിലും ലഹരി ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽ പെട്ടാൽ ഉടൻ അധ്യാപകരെ അറിയിക്കണം. അതുകൊണ്ട് ലഹരി പരമാവധി ഒഴിവാക്കാൻ ശ്രമിക്കുക.ആ വിപത്തിനെ തുരത്തുക.

നസ്രിയ ഉവൈസ്
**9.**ബി

# ബാല്യം

ചേരാതെ ചേരുമീ ചേരുംപടിയില്ലാതെ
ചേർന്നതാണെന്റെ ബാല്യം.
കൊതിക്കുന്ന സ്നേഹമൊഴുക്കിയ
ആ കാലമിന്നെന്നിൽ
ഒരുപിടി ഓർമയായ് മാറുന്നു

ആരും കൊതിക്കുന്നൊരാ-
ബാല്യമിന്നെങ്ങോ മാഞ്ഞിടുന്നു
എൻ നിശ്ചല ഹൃദയം
കൊതിക്കുന്നു ആ ബാല്യത്തിനായി

ഒരു നാളതെന്നെ
തേടിവരുമെന്നു
വിശ്വസിക്കുന്നു ഞാൻ
ആരും മറക്കില്ലാ വേറിട്ട
ബാല്യത്തിനെ



ശ്രീലക്ഷ്മി
8B

# കടംകഥകൾ

1. അമ്മയെ ഉമ്മവെച്ച മോൻ വെന്തു മരിച്ചു-------തീപ്പെട്ടിക്കൊള്ളി

2. അക്കരെ നിൽക്കും കൊക്കമ്പി,ഇക്കരെ നിൽക്കും കൊക്കമ്പി,കടലിൽ ചാട്ടും കൊക്കമ്പി---------------------സൂര്യൻ

3. അമ്മ പെറ്റതെല്ലാം വെളുത്ത പട്ടാളം----------------------ഉപ്പ്

4. അടിയിൽ കിണ്ണം,നടുവിൽ വടി,മേലെ കുട ---------------ചേന

5. കറുത്ത കണ്ടത്തിൽ വെളുത്ത കൊക്ക്----------------------
-------------------------------------ആകാശത്തിൽ നക്ഷത്രം

6.അപ്പം പോലെ തടിയുണ്ട്,അല്പം മാത്രം തലയുണ്ട്----------ആമ

7. അകത്തു തീയിട്ടു പുറത്തു മുട്ടയിട്ടു---------------------കുരുമുളക്

8. മണ്ണിന്നടിയിൽ പൊന്നമ്മ-----------------------------മഞ്ഞൾ

9. അവിടെ കണ്ടു,ഇവിടെ കണ്ടു,പിന്നെ കണ്ടില്ല-----------മിന്നൽ

10. വാലില്ലാക്കോഴി നെല്ലിന് പോയി----------------വെള്ളിച്ചക്രം

നസ്രിയ ഉവൈസ്

9 B

# മഴവില്ല്



ഏഴ് വർണ്ണങ്ങളിൽ കാണാമെനിക്ക്
വാർ മഴവില്ലിനെ ആകാശത്ത്
കണ്ടാൽ കൊതിക്കുന്ന മഴവില്ല്
കാണാനഴകുള്ള മഴവില്ല്
കണ്ടോ നീയെൻ ഗ്രാമത്തെ
കണ്ടോ നീയെൻ കൂട്ടുകാരെ
എത്ര മനോഹരം നിൻ വില്ലുകൾ
ഒരു നല്ല ദൃശ്യം പകർന്ന പോലെ
സപ്ത നിറങ്ങളിൽ കാണുന്നു ഞാൻ
നിന്റെയീ ചന്തമിന്നാകാശത്ത്

ശ്രീക്കുട്ടൻ.പി.എസ്
9C


.



# മഴ

ഇറ്റിറ്റുവീഴും നിൻ നീർ മുത്തുകൾ

തൻ ജാലകത്തിലൂടെ

എൻ ബാല്യത്തിലേക്കു ഞാൻ

വഴുതി വീണു...

പെയ്യൊഴിയുന്ന മഴയ്ക്കൊപ്പമെൻ

ഓർമകളും ,

നിൻ മഴത്തുള്ളികിലുക്കവു-

മാണിപ്പോഴുമെൻ ഇടനെഞ്ചിൻ

ഹൃദയതാളം.....

വേദ വിനോദ്

**8B**

# മിന്നിമാനും ശലഭവും

ഒരിടത്തൊരിടത്ത് മിന്നി എന്നു പേരുള്ള അഹങ്കാരിയായ ഒരു മാൻകുട്ടി ഉണ്ടായിരുന്നു. മറ്റുള്ളവരെ ഉപദ്രവിക്കുകയായിരുന്നു അവളുടെ പ്രധാന വിനോദം. ആരുടെ ഉപദേശവും അവൾ കേൾക്കാറില്ല.മിന്നിയുടെ അമ്മ എപ്പോഴും അവളെ ഉപദേശിക്കും.മോളേ ..മറ്റുള്ളവരെ വിഷമിപ്പിക്കരുത്.നിനക്ക് ഒരു ആപത്ത് വരുമ്പോൾ ആരും നിന്നെ സഹായിക്കില്ല.എന്നാൽ മിന്നി അമ്മയെ അനുസരിക്കാറേയില്ല.

ഒരിക്കൽ കളിച്ചു നടക്കുന്നതിനിടയിൽ ഭംഗിയുള്ള പൂക്കൾ പിടിച്ചു നിൽക്കുന്ന കുറെ ചെടികൾ ഒരു സ്ഥലത്ത് നിൽക്കുന്നത് അവൾ കണ്ടു. ആ പൂക്കളിൽ നിന്ന് ചിത്രശലഭങ്ങൾ തേൻ കുടിക്കുന്നുണ്ടായിരുന്നു. അതു കണ്ടിട്ട് അഹങ്കാരിയായ മിന്നി ആ ചെടികളൊക്കെ തിന്നും ചവിട്ടിയും നശിപ്പിക്കാൻ തീരുമാനിച്ചു. ഒട്ടും താമസിച്ചില്ല. മിന്നി ആ ചെടികൾ നശിപ്പിക്കാൻ തുടങ്ങി.

അയ്യോ ദയവു ചെയ്തു ഈ പൂക്കളും ചെടികളും തിന്നു നശിപ്പിക്കരുതേ.... ചിത്രശലഭങ്ങൾ മിന്നിയോട് കരഞ്ഞപേക്ഷിച്ചു. എന്നാൽ മിന്നി അവരുടെ വാക്കുകൾ

കേട്ടതായി ഭാവിക്കാതെ ചെടികൾ നശിപ്പിച്ചു കൊണ്ടേയിരുന്നു.ഇത്രയും അഹങ്കാരിയായ മിന്നിയോട് ഇനി എന്തു പറഞ്ഞിട്ടും കാര്യമില്ല എന്ന് ബുദ്ധിമതിയായ ഒരു ശലഭത്തിന് തോന്നി. ഉടനെ ആ ശലഭം മിന്നിയെ കുടുക്കാൻ വേണ്ടി ഒരു സൂത്രം ആലോചിച്ചു. ആ ശലഭം ഉടൻ തന്നെ മിന്നിയുടെ അടുത്തെത്തി. നീ ഇത്രയധികം ചെടികൾ നശിപ്പിച്ചു .പക്ഷേ ആ കാണുന്ന ചെടികൾ ദയവുചെയ്ത് നശിപ്പിക്കരുത്. ആ ചെടികളാണ് നമുക്ക് കൂടുതൽ തേൻ തരുന്നത്. എന്ന് പറഞ്ഞ് അടുത്തുള്ള മുൾച്ചെടി കൂട്ടത്തെ ചൂണ്ടിക്കാണിച്ചു. ഇതുകേട്ട് അഹങ്കാരിയായ മിന്നി പെട്ടെന്നുതന്നെ ആ മുൾചെടിയിലേക്ക് ചാടിവീണു. മുൾചെടികൾക്കിടയിൽ കുടുങ്ങിയ മിന്നി വേദന കൊണ്ട് രക്ഷിക്കണേ.... രക്ഷിക്കണേ....എന്ന് വിളിച്ചു കരയാൻ തുടങ്ങി. ആ ശലഭം മിന്നിയോടു പറഞ്ഞു. നിന്നെ രക്ഷിക്കാൻ ഞങ്ങളെക്കൊണ്ട് ആവില്ല. നിന്റെ അഹങ്കാരം കാരണമാണ് നീ ഈ ആപത്തിൽ പെട്ടത്. അഹങ്കാരത്തിന്റെ ഫലം അനുഭവിക്കുക തന്നെ വേണം. മറ്റു ശലഭങ്ങൾ ബുദ്ധിമതിയായ ആ ശലഭത്തെ അഭിനന്ദിച്ചു.

ശിവാനി എം എസ്

**9.**എ

# പഴഞ്ചൊല്ലുകൾ

**1. അനുഭവമാണ് മഹാഗുരു!**

**2. അടി തെറ്റിയാൽ ആനയും വീഴും !**

**3. അരി എത്ര ? പയർ അഞ്ഞാഴി !**

**4. അക്കരെ നിന്നാൽ ഇക്കരെ പച്ച !**

**5. കാക്ക കുളിച്ചാൽ കൊക്കാകില്ല !**

**6. ആന വായിൽ അമ്പഴങ്ങ !**

**7. പന്തീരാണ്ടു കാലം കുഴലിലിട്ടാലും പട്ടിയുടെ വാൽ വളഞ്ഞു തന്നെ !**

**8. പട്ടരിൽ പൊട്ടനില്ല !**

**9. ഉപ്പു തിന്നവൻ വെള്ളം കുടിക്കും !**

**10. കാണം വിറ്റും ഓണം ഉണ്ണണം !**

നസ്രിയ ഉവൈസ്

9 B

# മഹത് വചനങ്ങൾ

***1.*** നിങ്ങൾക്ക് ഒരു സൂര്യനെ പോലെ തിളങ്ങണമെങ്കിൽ
ആദ്യം സൂര്യനെ പോലെ
കത്തിജ്വലിക്കുക **......** എ പി ജെ അബ്ദുൽ കലാം

***2.*** ഉണരുക എഴുന്നേൽക്കുക ലക്ഷ്യം നേടും വരെ
പ്രയത്നിക്കുക**.......**
സ്വാമി വിവേകാനന്ദൻ

***3.*** ശ്രമത്തിലാണ് ഫലപ്രാപ്തിയിൽ അല്ല സംതൃപ്തി ഉളവാക്കുന്നത്
**.**സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണ വിജയമാകുന്നു**......** മഹാത്മാഗാന്ധി

***4.*** ലോകം മാറ്റിമറിക്കാൻ ഉപയോഗിക്കുന്ന ഏറ്റവും ശക്തമായ
ആയുധമാണ് വിദ്യാഭ്യാസം**......**
നെൽസൺ മണ്ടേല

***5.*** സത്യത്തിന്റെ പ്രതിഫലം സമാധാനവും സന്തോഷവും
ആണ്**.......**
രവീന്ദ്രനാഥ ടാഗോർ

**6.** ലോകത്തിലെ മുഴുവൻ സ്നേഹം കൈവരാൻ ഒന്നു മാത്രം മതി.ആരെപ്പറ്റിയും മോശം പറയാതിരിക്കുക ........ചാണക്യൻ

**7.** വെറുപ്പിനെ ഒരിക്കലും വെറുപ്പിനാൽ ഇല്ലാതാക്കാൻ കഴിയില്ല.എന്നാൽ സ്നേഹത്തിനാൽ വെറുപ്പിനെ ഇല്ലാതാക്കാൻ കഴിയും..... ..............ശ്രീബുദ്ധൻ

**ലിജോ ജോയ്**

**9 സി**

# അപരനാമങ്ങൾ

**കേരള വാല്മീകി - വള്ളത്തോൾ നാരായണ മേനോൻ**

**കേരള വ്യാസൻ - കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

**കേരള പാണിനി - എ.ആർ.രാജരാജവർമ്മ**

**കേരള കാളിദാസൻ - കേരളവർമ്മ വലിയകോയിത്തമ്പുരാൻ**

**കേരള സൂർദാസ് - പൂന്താനം നമ്പൂതിരി**

**കേരള തുളസീദാസ് - വെണ്ണിക്കുളം ഗോപാലക്കുറുപ്പ്**

**കേരള ചോസർ - ചീരാമ കവി**

**കേരള ഹോമർ - അയ്യിപ്പിള്ള ആശാൻ**

**കേരള സ്കോട്ട് - സി.വി.രാമൻപിള്ള**

**കേരള ഇബ്സൻ - എൻ.കൃഷ്ണപിള്ള**

**കേരള മാർക്ക്വെയ്ൻ - വേങ്ങയിൽ കുഞ്ഞിരാമൻ നായർ**

**കേരള മയക്കോവ്സ്കി - കെടാമംഗലം പപ്പുക്കുട്ടി**

**കേരള ജോൺ ഗന്തർ - എസ്.കെ.പൊറ്റക്കാട്**

**കേരള മോപ്പസാങ് - തകഴി ശിവശങ്കരപിള്ള**

**കേരള ടെന്നിസൺ - വള്ളത്തോൾ നാരായണ മേനോൻ**

**കേരള എലിയറ്റ് - എൻ.എൻ.കക്കാട്**

**കേരള എമിലി ബ്രോൻസി - രാജലക്ഷ്മി**

**കാവ്യാ .ബി**

**9 B**

# എന്റെ അമ്മയും അച്ഛനും



**അമ്മയോടുള്ള സ്നേഹം**
**പോലെയെന്നച്ഛനോടുള്ളൊരു**
**സ്നേഹം പോലെ**
**സ്നേഹിക്കയില്ല മറ്റാരെയും ഞാൻ**
**മുറിവുകൾ കണ്ടാലും**
**കണ്ണീരു കണ്ടാലും**
**എന്നെ**
**തലോടുന്നൊരമ്മയെപോലെ**
**എന്തിനും ഏതിനും എന്നോട് നിൽക്കുമെൻ**
**അച്ഛനെ പോലെ മറ്റാരുമില്ല**
**അറിയാതെ തെറ്റുകൾ ചെയ്തിടുമ്പോൾ**
**അമ്മതൻ വാക്കുകളോർത്തിടും ഞാൻ**
**മാതാപിതാക്കൾക്കു തുല്യമായി**
**മറ്റാരുമില്ലെന്നറിയുന്നു ഞാൻ**
**മണ്ണിലും പൊടിയിലും**
**വിയർപ്പൊഴുക്കി**
**പകലന്തിയോളം പണിയെടുത്ത്**
**അന്നം തന്നിടുമെൻ ദൈവമല്ലോ**
**എന്റെ അമ്മയും അച്ഛനും....**

ശിവാനി എം എസ്
9A

# മിഴിനീർപൂക്കൾ

എന്നമ്മതൻ വിരൽത്തുമ്പും പിടിച്ചാദ്യമായ്
പടിക്കെട്ടുകൾ കയറാൻ തുടങ്ങവേ
പിൻവിളിയായെന്നരികിലെത്തി സ്നേഹമാം അമ്മൂട്ടി......

എന്നാദ്യാക്ഷരങ്ങളെ  ജീവാക്ഷരങ്ങളാക്കി
ഹൃദയാക്ഷരങ്ങളെ കൂട്ടിയും കുറച്ചും ഗുണിച്ചും
ജീവാമൃതമാക്കിയെന്നിൽ നിറച്ചും
ഒടുവിലീജീവിതപ്പാതയിലെവിടെയോ
എല്ലാം ത്യജിച്ചെങ്ങോട്ടോ മറഞ്ഞെങ്കിലും

എൻ പ്രിയ ഗുരുനാഥാ
നിന്റെ നോവാരു മറക്കും
നിന്റെ നോവാരു മറക്കും
സ്നേഹമാണാദ്യക്ഷരമെന്നും
സ്നേഹിക്ക തങ്ങളിലെന്നും പഠിപ്പിച്ച
നോവുംമനസ്സിനു താങ്ങായി  നിൽക്കും

നേരുംനെറിയും നെഞ്ചോടു ചേർക്കും
നോവുംകിനാക്കളെ ഊട്ടിയുറക്കും

സ്വയമെരിഞ്ഞെങ്കിലും പ്രഭ പകർത്തീടും
അമ്മിഞ്ഞപ്പാലിനെ  അമൃതായിമാറ്റുക
സ്വയം മറക്കാതിരിക്കുക

മുന്നേറുക... മുന്നേറുക...
പിന്നെ... കാലമാം ചക്രത്തിലെവിടെയോ
മറഞ്ഞുപോയെങ്കിലും

നിന്നോടെനിക്കുള്ളതാണഖിലവും പറയുവാനറിയില്ല
തർപ്പണം ചെയ്യുന്നു ഗുരുവേ.
കണ്ണീരിൽച്ചാലിച്ചൊരീ ഹൃദയാക്ഷരങ്ങൾ
ഗുരുദക്ഷിണയെങ്കിലും സ്വീകരിച്ചീടുക...

ഹേമന്ദ്.എസ്
9B

# സഹപാഠി




**നിറ കണ്ണുകളാൽ  വിദ്യാലയത്തിൽ**

**ആദ്യ പടി ചവിട്ടിയ ദിനം ,**

**അമ്മയുടെ വിരൽത്തുമ്പിൽ നിന്ന്**

**എന്നുടെ കൈ  അടർന്നു മാറി .**

**എന്റെ കണ്ണുകൾ അമ്മയെ**

**തിരയുന്നതിനിടയിൽ ,അവൻ**

**ഒരു ചെറുപുഞ്ചിരിയുമായി എന്നിലേക്കെത്തിയിരുന്നു .**

**ആ പുഞ്ചിരി എന്റെ നിറഞ്ഞതിരുന്ന**

**കണ്ണീരിനെ മറികടന്നിരുന്നു .**

**അവനെന്റെ പ്രിയ സഹപാഠി**

**ഷിജിന മോൾ എസ്**

**9B**

# രസികൻ കൗതുകങ്ങൾ

**എഡിസന്റെ പേടി**

ഇലക്ട്രിക്ക് ബൾബ് കണ്ടുപിടിച്ചത് തോമസ് അൽവാ എഡിസനാണല്ലോ.
അദ്ദേഹത്തിന് ഇരുട്ടിനെ ഭയങ്കര പേടിയായിരുന്നു.

**മലകളിലെ ഫോൺ**

ജമ്മു കാശ്മീരിലെ സിയാച്ചിനിലാണ് ലോകത്ത് ഏറ്റവും ഉയരത്തിലുള്ള ടെലിഫോൺ ബൂത്ത്.

**ഒപ്പിനു ക്യാഷ്**

ആൽബർട്ട് എയ്ൻസ്റ്റീൻ ഓട്ടോഗ്രാഫിന് പൈസ വാങ്ങിയിരുന്നു. കാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകാനായിരുന്നു അത്.

**ഒഴുകുന്ന പോസ്റ്റ് ഓഫീസ്**

ജമ്മു കാശ്മീരിലെ ശ്രീനഗറിൽ 2011-ൽ ഒരു പോസ്റ്റ് ഓഫീസ് ആരംഭിച്ചു.
വെറും പോസ്റ്റ് ഓഫീസ് അല്ല ഒഴുകുന്ന പോസ്റ്റ് ഓഫീസ്.

**ക്യാൻസർ ഫാക്ടറി**

സിഗരറ്റിൽ നാലായിരത്തോളം ക്യാൻസർ പദാർത്ഥങ്ങളുണ്ട് .



**അർച്ചന എസ്**
**9 B**

# എക്സിബിഷൻ





# എക്സിബിഷനിൽ ലിറ്റിൽ കൈറ്റ്സ്











# വിളംബര ഘോഷയാത്ര











REDMI NOTE 8
AI QUAD CAMERA

REDMI NOTE 8
AI QUAD CAMERA




REDMI NOTE 8
AI QUAD CAMERA

REDMI NOTE 8
AI QUAD CAMERA

വിസ്മയം@വിരൽത്തുമ്പിൽ

# പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ











**6 എ യിലെ അഹദിയ ഷാജി സ്വന്തമായി ഈർക്കിലിൽ നിർമ്മിച്ച ളുക്കപാലം ഉപഹാരമായി നൽകിയപ്പോൾ....**

എൻ.എസ്.വി.വി.എച്ച്.എസ്.എസ്.

വിസ്മയം @ വിരൽത്തുമ്പിൽ

# റിപ്പബ്ലിക്ക് ദിനത്തിൽ

# ഒന്നാം സ്ഥാനം

# കരസ്ഥമാക്കിയപ്പോൾ



എൻ എസ് വി വി എച്ച് എസ് എസ്

# ജെ ആർ സി & ഗൈഡ്





വിസ്മയം@വിരൽത്തുമ്പിൽ






# എൻ എസ് വി യിലെ വർണ്ണപ്പകിട്ടുകൾ

എൻ.എസ്.വി.വി.എച്ച്.എസ്.എസ്.

# നന്ദി

എൻ എസ് വിയുടെ ഭാവി വാഗ്ദാനങ്ങൾ

അവരുടെ സർഗവാസനകൾക്ക്

നിറമേകിക്കൊണ്ട് നറുമൊഴികളിലൂടെ

പകർന്നുനൽകുന്ന ഈ കലാസൃഷ്ടികളെ

നിറഞ്ഞ മനസ്സോടെ സ്വീകരിക്കുമല്ലോ....

ഇ _ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ സുമനസ്സുകൾക്കും ഒരായിരം നന്ദി...